₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 10
Issue 4

**October 2021**

pages 24

“ഏതു മനുഷ്യനും ശ്രേഷ്ഠാധികാര ങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരു അധികാരവും ഇല്ലല്ലോ; ഉള്ള അധി കാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടി രിക്കുന്നു. ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടു മറു ക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും”

**(റോമർ 13:1,2)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L  L I F E  V O I C E

**Volume 10   Issue 4   October 2021   pages 24   Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay ചെയ്യുകയോ, ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം. **ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394

**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**

**Book No. 118**


## ഉള്ളടക്കം


| | പേജ് |
|---|---|
| • കൂട്ടം തെറ്റി നടക്കുന്നവർ | 3 |
| • പ്രതികരണങ്ങൾ | 6 |
| • തൃശ്ശൂരിലെ താരപ്പേട്ടൻ (14) | 7 |
| • പുതിയനിയമത്തിലൂടെ....(22) | 10 |
| • യോവേൽ (26) | 13 |
| • ചോദ്യവും ഉത്തരവും (25) | 16 |
| • ചിന്തകൾ പന്തങ്ങളാകുമ്പോൾ (30) | 17 |
| • കട്ടുറുമ്പ് (ചെറുകഥ) | 20 |
| • .... ദുരന്തക്കാഴ്ചകൾ (58) | 22 |
| • താടിയും താലിബാനും | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# കൂട്ടം തെറ്റി നടക്കുന്നവർ!

"കൂട്ടം വിട്ടു നടക്കുന്നവൻ സ്വേച്ഛയെ അന്വേഷിക്കുന്നു; സകല ജ്ഞാന ത്തോടും അവൻ കയർക്കുന്നു" (സദൃശവാക്യങ്ങൾ 18:1). കൂട്ടത്തിൽ ചേരാതെ ഒറ്റയാന്മാരായി നിലകൊള്ളുന്നവരെ വിമർശിക്കുന്ന വാക്യമാ ണിത്. ഒരു ടീംവർക്ക് ആഗ്രഹിക്കാത്ത ആളുകളാണ് അവർ. എന്തിനെയും ഏതിനെയും അവർ എതിർക്കും. മറ്റുള്ളവരുമായി സഹകരിച്ചു പോകുന്നത് അവർക്ക് ദുസ്സഹമായി അനുഭവപ്പെടും. സമൂഹത്തിലും കുടുംബത്തിലും സഭയിലുമെല്ലാം ഇത്തരം ആളുകളെ നമുക്കു കാണാൻ കഴിയും. കൂട്ടത്തിൽ ചേരാതെ 'ഒറ്റപ്പന്നി'യായി കഴിയുന്നവർ!

എന്നാൽ ഇതിനൊരു മറുവശമുണ്ട്. കർത്താവിന്റെ പേരിൽ ഒറ്റപ്പെടേ ണ്ടിവന്നവർ ധാരാളമാണ്. അവരെയൊന്നും 'കൂട്ടം തെറ്റി നടക്കുന്നവൻ' എന്ന വിമർശനവാക്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ കഴിയില്ല. കാരണം അവർ കർത്താവിനുവേണ്ടി ഉറച്ചുനിന്നതുകൊണ്ടാണ് ഒറ്റപ്പെട്ടു പോയത്. അവർ കൂട്ടം വിട്ടു നടക്കുന്നവരല്ല, പിന്നെയോ മറ്റുള്ളവരാൽ കൂട്ട ത്തിൽനിന്നും പുറത്താക്കപ്പെട്ടവർ എന്നു പറയുന്നതാണ് കൂടുതൽ ഉചി തം. അഥവാ, മറ്റുള്ളവർ അവരോടൊപ്പം നടക്കാൻ തയ്യാറായില്ല!

പത്തു കുഷ്ഠരോഗികൾ സൗഖ്യമായ കാര്യം ലൂക്കൊസ് 17:11-19ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ ഒമ്പതുപേരും കർത്താവിനോടു നന്ദി പറ യാൻ മടങ്ങിവന്നില്ല. എന്നാൽ ഒരുവൻ മാത്രം മടങ്ങിവന്നു. കർത്താവിനോടു നന്ദി പറയാനായി അവനു കൂട്ടം തെറ്റി നടക്കേണ്ടിവന്നു. ധനവാനും ലാസറും എന്ന എപ്പിസോഡിലെ ലാസർ ഒറ്റപ്പെട്ട അവസ്ഥയിലായിരുന്നു. മനുഷ്യരല്ല, നായ്ക്കളായിരുന്നു കൂടെയുണ്ടായിരുന്നത്. അവൻ വ്രണം നിറഞ്ഞ ഒരു രോഗി മാത്രമായിരുന്നില്ല; കറ കളഞ്ഞ ഒരു ഭക്തൻ കൂടിയാ യിരുന്നു. അവന്റെ രോഗവും ഭക്തിയും അവനെ എല്ലാവരും ഒറ്റപ്പെടുത്താൻ കാരണമായി എന്നു ചിന്തിക്കാം. അവനെ ആരും കൂട്ടത്തിൽ ചേർത്തില്ല. പക്ഷേ ദൈവദൂതന്മാർ അവനെ സ്വീകരിക്കാൻ ഇറങ്ങിവന്നു.

മോവാബ്യദേശത്തുനിന്നു കൂട്ടം തെറ്റി സഞ്ചരിക്കാൻ രൂത്ത് തയ്യാറായി. യെരീഹോപട്ടണത്തിൽനിന്നും കൂട്ടം തെറ്റി വരാൻ രാഹാബ് തയ്യാറായി. യേശുവിന്റെ വംശാവലിയിൽ അവരുടെ പേരും വന്നു! യിസ്രായേലിന്റെ ദൈവമായ യഹോവയുടെ പേരിൽ ധൈര്യത്തോടെ ഉറച്ചുനിന്നപ്പോൾ ഏലിയാവ് ഒറ്റപ്പെട്ടു. ഒറ്റയ്ക്കു കഴിയേണ്ടി വന്നു. ഇതൊന്നും കൂട്ടം തെറ്റി നടക്കുന്നവരെ വിമർശിക്കുന്ന വാക്യത്തിന്റെ ഉദാഹരണങ്ങളല്ല. ദൈവനാമത്തിൽ എത്ര കഷ്ടം സഹിച്ചാലും ഒറ്റയ്ക്ക് കഴിയേണ്ടി വന്നാലും തങ്ങളുടെ ഭക്തി കൈവിടാൻ തയ്യാറില്ലാത്ത ധീരജന്മങ്ങളാണ് ഇതെല്ലാം.

സഹോദരന്റെ സഭാകൂടിവരവിൽ എത്ര പേരുണ്ട്? ഈ ചോദ്യം പലരും എന്നോടു ചോദിച്ചിട്ടുണ്ട്. കൂടെ എത്ര പേരുണ്ട്? എന്നാണ് ഈ ചോദ്യത്തിന്റെ അർത്ഥം. വലിയ സഭാകൂടിവരവാണോ? ധാരാളം പണം വരുന്നുണ്ടോ? എന്നൊക്കെയുള്ള അർത്ഥങ്ങളും ചിലർ ചോദിക്കുമ്പോൾ കൈവരുന്നുണ്ട്. കൂടെയുള്ള ആളുകളുടെ എണ്ണം ഞാൻ പറയും; അതു കേൾക്കുമ്പോൾ ആളുകൾക്ക് എന്നെക്കുറിച്ചുള്ള മതിപ്പ് ഇല്ലാതാകുന്നു. കൂട്ടം തെറ്റി നടക്കുന്നവൻ എന്നു പലരും വിധിയെഴുതുകയും ചെയ്യുന്നു.

ഞാൻ തുറന്നുപറയാം. എന്റെ കൂടെ അധികമാരുമില്ല. ഉണ്ടായിരുന്നവരൊക്കെ ഓരോരോ കാരണം പറഞ്ഞ് പിരിഞ്ഞുപോയി. അതെക്കുറിച്ച് ഓർത്ത് ഞാൻ ദുഃഖിച്ചിരിക്കാറില്ല. അതിനു എനിക്കു നേരവുമില്ല. ഞാൻ ഭൗമികവേലയിലും കർത്താവിന്റെ വേലയിലും തിരക്കുള്ളവനാണ്. മറ്റുള്ളവരുടെ പോക്കറ്റിലെ പണം നോക്കി ഞാൻ യാതൊരു വേലയും ചെയ്യാൻ ആഗ്രഹിക്കുന്നില്ല; യാതൊരു സ്വപ്നവും നെയ്യാൻ ആഗ്രഹിക്കുന്നില്ല. ദൈവം അനുവദിക്കുന്നിടത്തോളം കാലം അദ്ധ്വാനിക്കുക. അതിലൂടെ ആവശ്യങ്ങൾക്ക് പണം കണ്ടെത്തുക ഇതാണ് എനിക്കു കർത്താവ് തന്നിരിക്കുന്ന കാഴ്ചപ്പാട്.

എന്നാൽ കഴിഞ്ഞ നാളുകളിൽ പലരും എന്നെ സാമ്പത്തികമായി സഹായിച്ചിട്ടുണ്ട്. അതൊന്നും ഞാൻ അവരോടു ആവശ്യപ്പെട്ടിട്ടല്ല. പക്ഷേ അത്തരം സഹായങ്ങളെല്ലാം എന്റെ അത്യാവശ്യഘട്ടങ്ങളിലായിരുന്നു എന്നത് ഞാൻ അതിശയത്തോടും നന്ദിയോടുംകൂടി ഓർക്കുന്നു. ദൈവം അവരെയെല്ലാം അനുഗ്രഹിക്കട്ടെ. ഒരു സംഘടനയുടെയോ ഒരു പ്രശസ്തമായ ബാനറിന്റെയോ പിന്തുണ എനിക്കില്ല. എന്നിട്ടും *റിയൽ ലൈഫ് വോയ്സി*നു വായനക്കാരുണ്ടായി. ഒരു ലക്കം പോലും മുടങ്ങാതെ അതു ഇന്നുവരെയും പ്രസിദ്ധീകരിക്കുവാൻ ദൈവം കൃപ ചെയ്യുകയും ചെയ്തു.

കൂടെ നിൽക്കാൻ അധികം പേരില്ലെങ്കിലും കർത്താവ് കൂടെയുണ്ടെങ്കിൽ വൻകാര്യങ്ങൾ സാധിക്കും എന്നെനിക്കു നല്ല ഉറപ്പുണ്ട്. സുവിശേഷം

പറയുമ്പോൾ, മരിച്ചാൽ എവിടെ കുഴിച്ചിടും? എന്നു ചിലർ ചോദിക്കുന്നതു പോലെ, വിവാഹാവശ്യങ്ങൾ വരുമ്പോൾ, സഭയിൽ എത്ര പേരുണ്ട്? എന്നാണ് പലർക്കും അറിയേണ്ടത്. ചെറുക്കൻ/ പെണ്ണ് ആത്മികതാത്പര്യമുള്ളതാണോ എന്നറിയാനല്ല ആഗ്രഹം. സഭയുടെ വലുപ്പം നോക്കി കല്യാണാലോചനയുമായി വരുന്നവരുടെ മുമ്പിൽ എന്നെപ്പോലുള്ള ആളുകൾ വലഞ്ഞുപോകയേയുള്ളൂ.

പ്രിയരേ, കർത്താവിന്റെ പേരിൽ കൂട്ടം തെറ്റി നടക്കേണ്ടിവന്നാൽ അങ്ങനെ നടക്കുവാൻ ധൈര്യം കാണിക്കുക. അതിന്റെ പേരിൽ വരുന്ന എന്തു നഷ്ടവും സഹിക്കുവാൻ തയ്യാറാവുക. ദൈവം നമ്മെ കൈവിടുകയില്ല. അടിസ്ഥാനപരമായ ഉപദേശങ്ങളിൽ വിട്ടുവീഴ്ച ചെയ്തുകൊണ്ട് സമ്പാദിക്കുന്ന പേരും പ്രശസ്തിയും നമുക്കെന്തിന്? ആളുകളുടെ പിന്തുണ നഷ്ടപ്പെടുന്നതുകൊണ്ട് നമ്മെ ശുശ്രൂഷകൾക്കുവേണ്ടി മറ്റുള്ളവർ വിളിച്ചില്ലെന്നു വരാം. അതിൽ നാം വിഷമിക്കേണ്ടതില്ല. ഒരു നാളിൽ ദൈവമുമ്പാകെ നാം മാനിക്കപ്പെടും.

ഏലിയാവിനെ നോക്കുക. ദൈവത്തെ അനുസരിച്ചതുകൊണ്ട് അവൻ കെരീത്ത് തോട്ടിന്നരികെ ഒറ്റയ്ക്ക് മാസങ്ങൾ തള്ളിനീക്കേണ്ടിവന്നു. അവന്റെ കയ്യിൽ പണമോ വാച്ചോ മൊബൈലോ ഇല്ലായിരുന്നു. നേരംപോക്കിനു പറ്റിയ ഒന്നുമില്ലായിരുന്നു. ദിവസം രണ്ടു നേരം വരുന്ന കാക്ക മാത്രമായിരുന്നു ഏക കൂട്ടുകാരൻ! കാക്ക അറെപ്പായിരിക്കേണ്ടുന്ന പക്ഷികളുടെ കൂട്ടത്തിൽ പെട്ടതായിരുന്നു (ലേവ്യർ 11:13-15)! ഏലിയാവിനു ഇതിന്റെയൊക്കെ വല്ല ആവശ്യവുമുണ്ടായിരുന്നുവോ? കൂട്ടം തെറ്റി നടന്നതുകൊണ്ടല്ലേ ഇതൊക്കെയും വന്നു ഭവിച്ചത്? പക്ഷേ അഗ്നിഅശ്വങ്ങളുടെയും അഗ്നിരഥങ്ങളുടെയും അകമ്പടിയോടെ ഏലിയാവ് മരണം കാണാതെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു! കൂട്ടം തെറ്റി നടന്നതിനു ദൈവം അവനെ മാനിച്ചു!

വചനം മനസ്സിലാക്കിയതിന്റെ പേരിൽ, അതു മറ്റുള്ളവരുമായി പങ്കുവച്ചതിന്റെ പേരിൽ, അതു അനുസരിച്ചതിന്റെ പേരിൽ ഒറ്റപ്പെട്ടു പോകുന്ന ദൈവമക്കൾ പരിഭ്രമിക്കേണ്ടതില്ല. ദൈവം നിങ്ങളെ പുലർത്തും. നിങ്ങളെ മനുഷ്യർ തള്ളിക്കളഞ്ഞു എന്നു വരാം. പതറരുത്. മനുഷ്യർ തള്ളിയ കല്ലിനെ മൂലക്കല്ലാക്കി മാറ്റി സഭ എന്ന സൗധം പണിതുകൊണ്ടിരിക്കുന്ന സർവ്വശക്തനായ ദൈവത്തെയാണ് നാം വിളിച്ചപേക്ഷിക്കുന്നത് എന്ന കാര്യം മറക്കാതിരിക്കുക.

എന്റെ കാര്യം ഞാൻ പറഞ്ഞുവല്ലോ. വലിയ ഒരു ആൾക്കൂട്ടത്തിന്റെ പിന്തുണയുള്ള ശുശ്രൂഷകനല്ല ഞാൻ. അതോർത്ത് നെടുവീർപ്പിടാതെ, എന്റെ മുമ്പാകെ ദൈവം തുറന്നു തരുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഞാൻ ദൈവകൃപയാൽ മുന്നോട്ടു പോകുന്നു. (MVS)

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം**
**ഫോൺ: 95 44 557 557**

## T. E. George, Ezhumattur, Pathanamthitta

എനിക്ക് 80 വയസ്സുണ്ട്. മാസിക ഞാൻ നല്ല താത്പര്യത്തോടെ വായിക്കുന്നു. നിലവാരമുള്ള മാസികയാണിത്. കാൽവനിസം ഇത്ര അപകടകരമാണെന്നു വിശദമാക്കിയത് നന്നായി. താരപ്പൻസഹോദരനെപ്പറ്റി പലരും സംസാരിക്കുന്നത് ഞാൻ ധാരാളം കേട്ടിട്ടുണ്ട്. ഇപ്പോൾ അദ്ദേഹത്തെപ്പറ്റി മാസികയിൽ വിശദമായി എഴുതുന്നത് വളരെ സന്തോഷത്തോടുകൂടിയാണ് ഞാൻ വായിക്കുന്നത്. താരപ്പൻസഹോദരന്റെ ഔന്നത്യം ദൈവം അറിയുന്നു; പക്ഷേ ലോകം വേണ്ടത്ര അതു മനസ്സിലാക്കിയിട്ടില്ല.

## K. C. Jose, Kothamangalam, Ernakulam

സെപ്റ്റംബർ മാസത്തെ മാസിക ലഭിച്ചു. അനേകർക്ക് മാസിക അനുഗ്രഹമാകുന്നു എന്നറിയുന്നതിൽ ദൈവത്തിനു നന്ദി പറയുന്നു. ഈ സംരംഭം വിജയകരമായി മുന്നേറുവാൻ തുടർന്നും ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## T. V. Mathew, Melukavumattom, Kottayam

മാസികയിലെ എല്ലാ ലേഖനങ്ങളും വായിക്കാറുണ്ട്. വളര നന്നായിരിക്കുന്നു. താരപ്പൻസഹോദരനെക്കുറിച്ചുള്ള ലേഖനം വളരെ പ്രയോജനപ്രദമാണ്. അദ്ദേഹത്തെക്കുറിച്ചു ഇതിനു മുമ്പു അറിയില്ലായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ, അദ്ദേഹത്തിനു മഹാകവി കെ. വി. സൈമണുമായുള്ള സൗഹൃദം ഇതെല്ലാം പുതിയ അറിവുകളാണ്.

## Cijo Jacob, Banglore

ദൈവവചനത്തിനു വിരോധമായി പല കാര്യങ്ങളും ചെയ്തിട്ടുള്ള കാൽവിനിൽ എത്ര നന്മകളുണ്ടെന്നു വന്നാലും നമുക്ക് അദ്ദേഹത്തെ സ്വീകരിക്കാൻ കഴിയില്ല. കാരണം കർത്താവ് പറഞ്ഞത്, മുള്ളുകളിൽനിന്നു മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽനിന്നു അത്തിപ്പഴവും പറിക്കുമാറുണ്ടോ? കാൽവിന്റെ പ്രവൃത്തികൾ വച്ചു നോക്കുമ്പോൾ അദ്ദേഹം തള്ളപ്പെടേണ്ട വ്യക്തി തന്നെയാണ്. ❍

# തൃശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ

**-എംവിഎസ്-**

14

### ശരീരാകൃതി, വേഷം

"സി. വി. താരപ്പന്റെ ഒരു ഫോട്ടോ കിട്ടുമോ?" ചില വായനക്കാർ എന്നോടു ചോദിച്ച ചോദ്യമാണിത്. ഇല്ല എന്നാണ് മറുപടി. കാരണം അദ്ദേഹം ഫോട്ടോ എടുക്കുന്നതിനു എതിരായിരുന്നു. ഈ ലോകത്തിൽ ക്രിസ്തുവിനുവേണ്ടി ജീവിച്ച്, ഒടുവിൽ ഇവിടെനിന്നും മാറ്റപ്പെടുന്നതോടുകൂടി, മനുഷ്യമനസ്സുകളിൽ താൻ പഠിപ്പിച്ച കാര്യങ്ങൾ മാത്രം തങ്ങിനിന്നാൽ മതിയെന്നും, തന്റെ രൂപം അവർ ഓർക്കേണ്ടതില്ലെന്നും അദ്ദേഹം കരുതിക്കാണും. തന്റെ മരണശേഷം താൻ ഓർമ്മിക്കപ്പെടേണ്ടതില്ലെന്നു തീരുമാനിച്ച ഒരു അപൂർവ്വജന്മം!

**സി.വി.താരപ്പൻ (1886–1958): 'കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ' എന്ന ഗാനമുൾപ്പെടെ 300-ഓളം ഗാനങ്ങൾ എഴുതിയ ഭക്തകവി; മലയാളത്തിലെ ആദ്യത്തെ സഭാചരിത്രം എഴുതിയ വ്യക്തി (1926); വെളിപ്പാടുപുസ്തകവ്യാഖ്യാനമുൾപ്പെടെ 17 പുസ്തകങ്ങൾ രചിച്ച എഴുത്തുകാരൻ; മഹാകവി കെ. വി. സൈമണുമായി സജീവസൗഹൃദം; മികച്ച അപ്പോളജിസ്റ്റ്...**

എങ്കിലും അദ്ദേഹത്തെ നേരിൽ കാണുകയും അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ നേരിൽ കേൾക്കുകയും ചെയ്തിട്ടുള്ള ചിലർ ഇന്നും നമ്മുടെ ഇടയിലുണ്ട്. അവരിൽനിന്നും കിട്ടിയ വിവരങ്ങൾ ശേഖരിച്ച്, ജെ.സി. ദേവ് സാർ അദ്ദേഹത്തിന്റെ ഒരു വാങ്മയചിത്രം വരച്ചിരിക്കുന്നത് നോക്കുക.

> ആ മഹാന്റെ ചിത്രം അനേക ഹൃദയങ്ങളിൽ പതിഞ്ഞുകിടപ്പുണ്ട്. മിതമായ ശരീരാകൃതി, പൊക്കം കുറഞ്ഞ്, വലിയ തലയുള്ള, ഉയർന്ന നെറ്റിത്തടമുള്ള, ഷർട്ടിന്റെ പുറത്തുകൂടി മുണ്ടുടുത്തുകൊണ്ട് പതുക്കെ നടന്നുപോകുന്ന താരപ്പേട്ടന്റെ ഇന്നും സജീവമായ ചിത്രം! (*കരിസ്മ*, പേജ് 22, published by CCYA, Laloor)

വെള്ള മുണ്ടും ഷർട്ടും; ഒരു രണ്ടാമുണ്ട് തോളിൽ ഇട്ടിട്ടുണ്ടായിരിക്കും. വസ്ത്രം ഇസ്തിരിയിട്ട് ഉപയോഗിക്കുന്ന പതിവില്ല. കാലിൽ ചെരുപ്പ് ധരിക്കുന്ന സ്വഭാവവും ഇല്ല. ദൈവം കൊടുത്ത പരിമിതമായ സാഹചര്യങ്ങളിൽ ഒതുങ്ങിനിൽക്കുന്നതിൽ അദ്ദേഹം സന്തോഷം കണ്ടെത്തിയിരുന്നു.

## ആലോചനായോഗങ്ങളിലെ അവസാനവാക്ക്

എല്ലാ ബുധനാഴ്ചകളിലും യോഗങ്ങൾ ഉണ്ടായിരുന്നു. ബൈബിൾക്ലാസ്സ് എന്നോ പ്രാർത്ഥനായോഗം എന്നോ അല്ല അത് അറിയപ്പെട്ടിരുന്നത്, ആലോചനായോഗങ്ങൾ എന്നായിരുന്നു. ആദ്യം പ്രാർത്ഥന, പിന്നെ ഗാനം, തുടർന്ന് ഒരു വേദഭാഗം എല്ലാവരും വായിക്കും; ഓരോരുത്തർ രണ്ടോ മൂന്നോ വാക്യങ്ങൾ വീതമാണ് വായിക്കുക. അതിനെപ്പറ്റി വായിച്ചവർക്ക് ഓരോരുത്തർക്കായി അഭിപ്രായങ്ങൾ പറയാം. എല്ലാറ്റിനും അവസാനം താരപ്പൻസഹോദരൻ എഴുന്നേറ്റ് നിന്നു സംസാരിക്കും. അദ്ദേഹത്തിന്റെ വാക്കു എല്ലായ്പോഴും സഭയിലെ അവസാനവാക്കായിരുന്നു.

പല പ്രമാണങ്ങളും രൂപം കൊണ്ടത് ഈ ആലോചനായോഗങ്ങളിലൂടെയായിരുന്നു. മരുന്ന് ഉപയോഗിക്കരുത്, ചിത്രങ്ങളും ഫോട്ടോകളും ഒന്നും വയ്ക്കരുത്, സ്വർണ്ണം ധരിക്കരുത്, ആൺകുട്ടികളുടെ വേഷം പെൺകുട്ടികൾ ധരിക്കരുത് എന്നിങ്ങനെയുള്ള പല നിയമങ്ങളും ഉരുത്തിരിഞ്ഞുവന്നതും, അത് സഭയിലെ എല്ലാവരും അനുസരിക്കേണ്ട പ്രമാണങ്ങളായിത്തീർന്നതും എല്ലാം ഈ ആലോചനായോഗങ്ങളിലൂടെയായിരുന്നുവത്രേ.

## ദയാതത്പരൻ

സാമ്പത്തികമായി ഒന്നുമില്ലാതിരുന്നവനെങ്കിലും തന്റെ ഉള്ള സാഹചര്യം വച്ച് മറ്റുള്ളവരോട് കാരുണ്യത്തോടെ പെരുമാറുന്നതിന് താരപ്പൻസഹോദരൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ചൊവ്വന്നൂരുള്ള ബ്രദർ എം. സി. ചാക്കോ അദ്ദേഹത്തിന്റെ പിതാവിൽനിന്നും താരപ്പേട്ടനെക്കുറിച്ചു കേട്ടിട്ടുള്ള ഒരു കാര്യം എന്നോടു പങ്കുവച്ചത് താഴെ കൊടുക്കുന്നു:

> ദൂരസ്ഥലങ്ങളിലേക്ക് കാൽനടയായി സഞ്ചരിച്ച് ചെന്ന് സുവിശേഷം അറിയിക്കുന്ന പതിവ് സി. വി. താരപ്പനും കൂട്ടുസഹോദരങ്ങൾക്കും ഉണ്ടായിരുന്നു. ഒരു ദിവസം ഏകദേശം 12 വയസ്സുള്ള ഒരു തമിഴ്ബാലൻ താരപ്പൻസഹോദരനെ സമീപിച്ച് ഭക്ഷണം ചോദിച്ചു. വിശന്നുവലഞ്ഞ അവസ്ഥയിലുള്ള ആ ബാലന് അദ്ദേഹം ഭക്ഷണം കൊടുത്തു. അല്പം പൈസയും കൊടുത്തു. ആ ബാലൻ സന്തോഷത്തോടെ നന്ദി പറഞ്ഞതിനുശേഷമാണ് അവിടെനിന്നും പോയത്.
>
> കുറച്ചു വർഷങ്ങൾക്കുശേഷം, കോയ്മ്പത്തൂരിൽനിന്നും ഏകദേശം 36 കി.മീ. അകലെയുള്ള ശുലുർ (Sulur) എന്ന സ്ഥലത്തേക്ക് താരപ്പൻസഹോദരനും ടീമും കാൽനടയായി സുവിശേഷം അറിയിക്കാനായി പോയി. പെങ്ങാമുക്കിൽനിന്നും 160 കി.മീ.

ദൂരം ഉണ്ട്. അത്രയും ദൂരം കാൽനടയായി അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുന്നതിൽ അവർക്കാർക്കും യാതൊരു പ്രയാസവും അനുഭവപ്പെട്ടിരുന്നില്ല.

അവിടെ ഒരു ഓപ്പൺ എയർ മീറ്റിംഗിനു ശേഷം ഒരു അപരിചിത നായ യുവാവ് താരപ്പനെ സമീപിച്ചു. ആ പഴയ തമിഴ് ബാലൻ! അന്നത്തെ കാര്യങ്ങൾ അദ്ദേഹം താരപ്പനോട് പറഞ്ഞു. സഹോ ദരന്മാരെയെല്ലാം അവന്റെ വീട്ടിലേക്ക് ക്ഷണിക്കുകയും അന്ന് അവിടെ തങ്ങാൻ അവൻ നിർബന്ധിക്കുകയും ചെയ്തു. വർഷ ങ്ങൾക്കുമുമ്പ് ചെയ്ത ഒരു കാര്യത്തിന് ഇങ്ങനെയൊരു ഫലം ഉണ്ടാവുമെന്നു അദ്ദേഹം കരുതിക്കാണില്ല.

## മറ്റുള്ളവരെ ബുദ്ധിമുട്ടിക്കാൻ ആഗ്രഹിച്ചിരുന്നില്ല

കൂട്ടുസഹോദരങ്ങളുടെ വീടുകൾ സന്ദർശിക്കുമ്പോൾ അവർക്കൊരി ക്കലും തന്റെ സന്ദർശനം ഒരു ഭാരമായിത്തീരാതിരിക്കാൻ അദ്ദേഹം ശ്രദ്ധി ച്ചിരുന്നു. ഒട്ടുമിക്ക ആളുകളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവ രായതുകൊണ്ട്, തനിക്ക് ഭക്ഷണം ഉണ്ടാക്കിയും കിടക്കുവാനുള്ള സൗക ര്യങ്ങളൊരുക്കിയും ആരും ബുദ്ധിമുട്ടരുതെന്നു അദ്ദേഹത്തിനു നിർബന്ധ മുണ്ടായിരുന്നു. തൃശ്ശൂർ ക്രിസ്തുസഭയുടെ എൽഡർ കൂടിയായ ബ്രദർ കെ. ആർ. ജോസ് അദ്ദേഹത്തെക്കുറിച്ചു ഇപ്രകാരമാണ് സാക്ഷ്യപ്പെടുത്തുന്നത്:

> വേലിയരികിൽ സുലഭമായി കാണപ്പെടുന്ന, കുരുമുളകിന്റെ വലി പ്പമുള്ള ഒരു തരം കായ്കൾ (*പൂച്ചെട്ടിക്കായ്*) അദ്ദേഹം യാത്രാ മദ്ധ്യേ പറിച്ചു തിന്നും. അതിനുശേഷം, ചെല്ലുന്ന വീട്ടിലുള്ളവ രോട് "എനിക്കു ഭക്ഷണം വേണ്ട, ഞാൻ കഴിച്ചു" എന്നു പറ യും. അതിഥിക്ക് ഭക്ഷണം ഒരുക്കാനുള്ള സാഹചര്യമൊന്നും ഇല്ലാത്തവരായിരുന്നു പലരും. അവരെ ബുദ്ധിമുട്ടിക്കാൻ താര പ്പേട്ടൻ ആഗ്രഹിച്ചില്ല. നുണ പറയാതിരിക്കാനും കഴിഞ്ഞു.
>
> കിടക്കുന്നതിനു അദ്ദേഹം തലയണ ഉപയോഗിച്ചിരുന്നില്ല. പല സഹോദരന്മാരുമായി ഒരു വീട്ടിൽ ചെല്ലുമ്പോൾ പായയും തല യണയും വീട്ടുകാർ ആദ്യം കൊടുക്കുന്നത് താരപ്പേട്ടനാണ്. മറ്റു ള്ളവർക്ക് തലയണയുണ്ടാവില്ല. ഈയൊരു പ്രശ്നം ഇല്ലായ്മ ചെയ്യുന്നതിനായി തലയണ ഉപയോഗിക്കുന്ന പതിവ് തന്നെ അദ്ദേഹം ഉപേക്ഷിച്ചു.

സമൃദ്ധിയുടെ ചതുപ്പിൽ വീണുനശിച്ചുപോകുന്ന സുവിശേഷകന്മാർ വല്ല വരുമുണ്ടെങ്കിൽ അവർ സി. വി. താരപ്പനെ കണ്ടു പഠിക്കട്ടെ.

**(തുടരും)**

# പുതിയനിയമത്തിലൂടെ (22) യാത്രചെയ്യുമ്പോൾ...

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

**മൂന്നാം ഭാഗം: മൃഗങ്ങൾ**

**7. നായ** (മത്തായി 7:6)

അഹങ്കാരത്തിന്റെ ഉത്തുംഗശൃംഗത്തിൽ ഇരുന്ന് മിസ്രയീമിലെ ഫറവോൻ പറഞ്ഞു: "ഞാൻ യഹോവയുടെ വാക്ക് കേൾക്കേണ്ടതിന് അവൻ ആർ? ഞാൻ യഹോവയെ അറികയില്ല" (പുറപ്പാട് 5:2). അങ്ങനെയാണെങ്കിൽ അവനെ ഒന്നു പഠിപ്പിച്ചുകളയാമെന്നു യഹോവയും തീരുമാനിച്ചു. തുടർന്ന് ഓരോ ബാധകൾ ദേശത്ത് അനുവദിച്ചുകൊണ്ട് ദൈവം തന്റെ 'ക്ലാസ്സ്' ആരംഭിച്ചു. ഒടുവിലത്തെ ബാധയായിരുന്നു ആദ്യജാതന്മാരുടെ സംഹാരം. ഇതോടുള്ള ബന്ധത്തിലാണ് വേദപുസ്തകത്തിന്റെ താളുകളിലേക്ക് നായ് പ്രവേശിക്കുന്നത്.

ദൈവം ഇപ്രകാരം അരുളിച്ചെയ്തു: "യിസ്രായേൽമക്കളിൽ യാതൊരു മനുഷ്യന്റെയോ മൃഗത്തിന്റെയോ നേരെ ഒരു നായ് പോലും നാവ് അനക്കുകയില്ല" (പുറപ്പാട് 11:7). വേശ്യക്കും നായയ്ക്കും ഒരേ സ്ഥാനമാണ് പഴയനിയമത്തിൽ കൊടുത്തിരിക്കുന്നത്. "വേശ്യയുടെ കൂലിയും നായുടെ വിലയും നിന്റെ ദൈവമായ യഹോവയുടെ ആലയത്തിലേക്കു യാതൊരു നേർച്ചയായിട്ടും കൊണ്ടുവരരുത്; ഇവ രണ്ടും നിന്റെ ദൈവമായ യഹോവെക്കു അറപ്പാകുന്നു" (ആവർത്തനം 23:18). ബൈബിളിൽ നായയ്ക്ക് വേശ്യയോടൊപ്പമാണ് സ്ഥാനമെങ്കിലും, ഭവനങ്ങളിൽ നായയ്ക്ക് പലപ്പോഴും മക്കളോടൊപ്പമാണ് സ്ഥാനം! നായയെ ഓമനപ്പേരിട്ടു വിളിക്കുന്നു; ലാളിക്കുന്നു; കൊഞ്ചിക്കുന്നു; കളിപ്പിക്കുന്നു; കുളിപ്പിക്കുന്നു; ഉമ്മ കൊടുക്കുന്നു... നായയുടെ ഒരു ഭാഗ്യം! അല്ലാതെന്തു പറയാൻ!

"വിശുദ്ധമായത് നായ്ക്കൾക്ക് ഇട്ടുകൊടുക്കരുത്" എന്ന മുന്നറിയിപ്പാണ് നായയെക്കുറിച്ചുള്ള പുതിയനിയമത്തിലെ ആദ്യത്തെ വാക്യം (മത്തായി 7:6). ഇതേ വാക്യത്തിൽത്തന്നെയാണ് പന്നിയും പുതിയനിയമത്തിലേക്ക് പ്രവേശിക്കുന്നത് എന്നു നാം കഴിഞ്ഞ ലക്കത്തിൽ കണ്ടതാണല്ലോ. അങ്ങനെ വെറുക്കപ്പെട്ട രണ്ടു മൃഗങ്ങളായ നായയും പന്നിയും പുതിയനിയമത്തിലേക്ക് ഒരുമിച്ച്, ഒരേ വാക്യത്തിലൂടെ, പ്രവേശിക്കുന്നു എന്നു പറയാം.

വിജാതീയർ, പിന്മാറ്റക്കാർ, ദുരുപദേശക്കാർ, ലാസർ എന്ന ദരിദ്രൻ എന്നിവരോടുള്ള ബന്ധത്തിൽ നായ എന്ന പദം പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നു. അവയോരോന്നായി നമുക്കു പരിശോധിക്കാം:

### (1) വിജാതീയരോടുള്ള ബന്ധത്തിൽ:

യഹൂദരല്ലാത്തവരെയാണ് വിജാതീയർ അഥവാ ജാതികൾ എന്നു ബൈബിൾ വിളിക്കുന്നത്. ഞാനും നിങ്ങളുമെല്ലാം ആ ഗണത്തിൽ പെടുന്നു. ഇപ്രകാരം ജാതികളുടെ കൂട്ടത്തിൽപ്പെട്ട ഒരു സ്ത്രീ, തന്റെ മകളുടെ ഭൂതോപദ്രവം മാറി സൗഖ്യമാകുന്നതിനുവേണ്ടി കർത്താവിനെ സമീപിച്ചപ്പോൾ, കർത്താവ് പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു: "മക്കളുടെ അപ്പം എടുത്ത് നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല" (മത്തായി 15:26). യിസ്രായേൽജനതയാണ് മക്കൾ; ബാക്കിയെല്ലാവരും നായ്ക്കുട്ടികൾ ആണത്രേ!

തന്നെ 'നായ' എന്നു കർത്താവ് വിശേഷിപ്പിച്ചു എന്നും പറഞ്ഞ് ആ സ്ത്രീ പരിഭവിച്ചില്ല, പിണങ്ങിയുമില്ല. കർത്താവിന്റെ നായ്ക്കുട്ടിവിശേഷണത്തിന് അവൾ പറഞ്ഞ മറുപടി ഗംഭീരമായിരുന്നു. "അതേ, കർത്താവേ, ചെറുനായ്ക്കളും മേശെക്കു കീഴെ കുട്ടികളുടെ അപ്പനുറുക്കുകളെ തിന്നുന്നുവല്ലോ" (മർക്കൊസ് 7:28). മക്കൾക്ക് കൊടുത്തതിന്റെ ബാക്കി മതി എനിക്ക് എന്നാണ് അവൾ പറഞ്ഞതിന്റെ അർത്ഥം. അവൾ അനുഗ്രഹിക്കപ്പെട്ടവളായി തിരിച്ചുപോയി. 'നായ്ക്കുട്ടി'യാണ് അനുഗ്രഹിക്കപ്പെട്ടത്! പിന്നീട്, കൊർന്നേല്യൊസിന്റെ ഭവനം മുതൽ എത്രയോ നായ്ക്കുട്ടികൾ ദൈവമക്കൾ ആയി മാറി! ഈ കാലയളവിൽ ഞാനും നിങ്ങളും....! അതെ, നായ്ക്കുട്ടികൾ ദൈവമക്കളാകുന്ന അദ്ഭുതം തുടർന്നുകൊണ്ടിരിക്കുന്നു!

### (2) പിന്മാറ്റക്കാരോടുള്ള ബന്ധത്തിൽ:

പിന്മാറ്റക്കാരെ "സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായ" എന്നു അപ്പൊസ്തലനായ പത്രൊസ് വിളിക്കുന്നു (2 പത്രൊസ് 2:22). "നായി ഛർദ്ദിച്ചതിലേക്ക് വീണ്ടും തിരിയുന്നതും മൂഢൻ തന്റെ ഭോഷത്വം ആവർത്തിക്കുന്നതും ഒരുപോലെയാണ്" എന്നു സദൃശവാക്യങ്ങൾ 26:11 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്വന്തം ഛർദ്ദി ഭക്ഷിക്കുന്ന വൃത്തികേട് കാണിക്കുന്ന ജീവിയാണ് നായ. ദൈവജനമായി ശോഭിച്ചവർ പിന്നീട് പിന്മാറിപ്പോകുമ്പോൾ, അവരെ വിശേഷിപ്പിക്കാൻ 'സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായ' എന്ന രൂക്ഷമായ വിശേഷണം തന്നെ ദൈവവചനത്തിൽ ഉപയോഗിച്ചിരിക്കുന്നത് നാം ശ്രദ്ധിക്കേണ്ടതാണ്.

നായ എന്ന അവസ്ഥയിൽനിന്നുമാണ് നാം ദൈവമക്കൾ ആയത്. അറിഞ്ഞ സത്യത്തിൽ നിലനിൽക്കാതെ നാം പിന്മാറിപ്പോകുമ്പോൾ വീണ്ടും

ആ നായ എന്ന വിശേഷണം തന്നെ ദൈവവചനം നമുക്കു തരുന്നത് നാം ഗൗരവത്തിലെടുക്കണം. വിശ്വാസജീവിതത്തിൽ നേരിടേണ്ടി വരുന്ന വെല്ലു വിളികളെ കർത്താവിലാശ്രയിച്ച് നേരിടാതെ, പേടിച്ചോ പണക്കൊതി നിമി ത്തമോ അംഗീകാരം ലഭിക്കാൻ വേണ്ടിയോ, മുന്നോട്ടു വച്ച കാൽ എടുത്ത് പിന്നോട്ട് വച്ചാൽ, ആ നിമിഷം അവൻ സ്വന്ത ഛർദ്ദിയിലേക്ക് തിരിയുന്ന നായ് ആയിമാറുന്നു. ദൈവജനമേ, നമുക്കു ശ്രദ്ധിക്കാം; കരുതലോടെയി രിക്കാം; ദൈവപൈതൽ എന്ന സ്ഥാനം വലിച്ചെറിഞ്ഞ് നായ്ക്കുട്ടി എന്ന മോശം പദവിയിലേക്ക് തിരിച്ചുപോകാതിരിക്കാൻ നമുക്ക് ഉത്സാഹിക്കാം.

### (3) ദുരുപദേശക്കാരോടുള്ള ബന്ധത്തിൽ:

ദുരുപദേശക്കാരെ മനസ്സിൽ കണ്ട് അപ്പൊസ്തലനായ പൗലൊസ് ഫിലി പ്പിയർക്ക് എഴുതിയത് ഇപ്രകാരമാണ്: “നായ്ക്കളെ സൂക്ഷിപ്പിൻ; ആകാത്ത വേലക്കാരെ സൂക്ഷിപ്പിൻ” (ഫിലിപ്പിയർ 3:2). നായ്ക്കളെ സൂക്ഷിപ്പിൻ എന്ന തിന് ഇംഗ്ലീഷ്ബൈബിളിൽ “Beware of Dogs” എന്നാണ്. പല വീടുകളു ടെയും ഗെയ്റ്റിന്മേൽ ഈ വാചകം എഴുതിവച്ച് കണ്ടിട്ടുണ്ട്. വീട്ടിൽ നായ ഉണ്ടെന്നും, സന്ദർശകർ കടി കിട്ടാതെ ശ്രദ്ധിക്കണമെന്നുമാണ് അവർ ഉദ്ദേ ശിക്കുന്നത്. പക്ഷേ, അവരറിയുന്നുണ്ടോ, അതൊരു ബൈബിൾവാക്യമാ ണെന്ന്! അങ്ങനെ അവിശ്വാസികളായ ആളുകളുടെ പോലും ഗെയ്റ്റിൽ ഒരു ബൈബിൾവാക്യം തൂക്കിയിട്ടിരിക്കുന്നത് കാണാൻ നല്ല ചന്തമുണ്ട്!

### (4) ലാസറിനോടുള്ള ബന്ധത്തിൽ:

ലാസർ എന്ന ദരിദ്രനായ മനുഷ്യൻ ഒരു പറ്റം നായ്ക്കളുടെ ഇടയിൽ കഴിയേണ്ടിവന്നു. “നായ്ക്കളും വന്നു അവന്റെ വ്രണം നക്കും” (ലൂക്കൊസ് 16:21). ലാസറിന്റെ വ്രണങ്ങൾ ആ നായ്ക്കൾ നക്കുന്നതു നിമിത്തം ലാസ റിന് അല്പം ആശ്വാസമാണ് ഉണ്ടാകുക. ആ വ്രണങ്ങളിലെ പഴുപ്പും അഴുക്കും എല്ലാം വൃത്തിയാക്കാനായി ദൈവം ആ നായ്ക്കളെ ഉപയോ ഗിക്കുകയായിരുന്നു. നായ്ക്കളോടുകൂടി ഭക്ഷണം പങ്കിട്ടും, നായ്ക്കളോടു കൂടി കിടന്നുറങ്ങിയും, നായ്ക്കളുടെ നക്കലാകുന്ന പരിചരണമേറ്റും ലാസർ അവിടെ കഴിഞ്ഞുകൂടി. ഇപ്രകാരമുള്ള അവസ്ഥ ദൈവം തനിക്ക് അനുവ ദിച്ചതിൽ യാതൊരു പരാതിയുമില്ലാതെ ലാസർ തന്റെ ജീവിതാന്ത്യം വരെ കഴിഞ്ഞു എന്നത് വിസ്മയം തന്നെ!

ഒരാളും അവിടെ ലാസറിനെ ഉപദ്രവിക്കാൻ വരില്ല. കാരണം നായക ളുടെ ഒരു ടീം തന്നെ അവിടെ ഉണ്ട്. ഭൂമിയിൽ അനാഥനായ ലാസർ എന്ന തന്റെ ഭക്തന് നായ്ക്കളുടെ പരിചരണവും സംരക്ഷണവും ഏർപ്പെടുത്തിയ ദൈവമേ, അങ്ങയുടെ വഴികൾ എത്ര വലിയത്! **(തുടരും)**

# യോവേൽ
## (പുസ്തകപഠനം)

26

**-എംവിഎസ്-**

**യോവേൽ 3:17**

**"അങ്ങനെ ഞാൻ എന്റെ വിശുദ്ധ പർവ്വതമായ സീയോനിൽ വസിക്കുന്നവനായി നിങ്ങളുടെ ദൈവമായ യഹോവ എന്നു നിങ്ങൾ അറിയും; യെരൂശലേം വിശുദ്ധമായിരിക്കും; അന്യജാതിക്കാർ ഇനി അതിൽക്കൂടി കടക്കയുമില്ല"**

ദൈവജനത്തിനു ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചാണ് പ്രവാചകൻ സംസാരിച്ചുകൊണ്ടിരിക്കുന്നത്. (1) ദൈവം തന്റെ ജനത്തിനു ശരണവും ദുർഗ്ഗവും ആണ് (3:16)

**(2) വിശുദ്ധജനമായിരിക്കും**

വിശുദ്ധജനമായിരിക്കുന്നതിനു സ്വന്തം കഴിവ്കൊണ്ട് നമുക്ക് സാധിക്കയില്ല. എന്നാൽ ദൈവത്തിൽ ആശ്രയിക്കുമ്പോൾ, ഒരു വിശുദ്ധജനമാകുവാൻ നമുക്കു കഴിയും. നമ്മുടെ സംസാരം, ചിന്തകൾ, പ്രവൃത്തികൾ ഇവ പലപ്പോഴും വിശുദ്ധജീവിതത്തിനു തടസ്സം നിൽക്കുന്നവയാണ്. 'വിശുദ്ധ ജീവിതം' എന്ന അനുഗ്രഹത്തിനായി നാം പ്രാർത്ഥിക്കാറുണ്ടോ?

യെരുശലേമിൽ ഇനി അന്യജാതിക്കാർ കടക്കയില്ല. അന്യജാതിക്കാർ പലപ്പോഴും യെരൂശലേമിനെ ആക്രമിച്ചു. അശുദ്ധമാക്കി. ഇനി അതുണ്ടാവുകയില്ല. യിസ്രായേൽമക്കൾക്ക് ഭാവിയിൽ വരുവാൻ പോകുന്ന അനുഗ്രഹങ്ങളെക്കുറിച്ചാണ് പ്രവാചകൻ സംസാരിക്കുന്നത്. ഇതെല്ലാം നമുക്കു നമ്മുടെ ജീവിതവുമായി ബന്ധിപ്പിച്ച് പഠിക്കുകയും പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യാം.

ദൈവത്തെ അറിയേണ്ട പോലെ അറിയുന്നതിൽ പലപ്പോഴും ദൈവജനം പരാജയപ്പെടുന്നുണ്ട് എന്നതൊരു സത്യമാണ്. "ഞാൻ... നിങ്ങളുടെ ദൈവമായ യഹോവ എന്നു നിങ്ങൾ അറിയും" എന്നു പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്തത് അതുകൊണ്ടാണ്. ജീവൻ തന്ന ദൈവത്തെ അറിയുന്നതിൽ പരാജയപ്പെടുന്നത് എത്രയോ ദുഃഖകരമാണ്! മറ്റേതു കാര്യവും മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടാലുള്ള നഷ്ടത്തിനേക്കാൾ എത്രയോ വലുതാണ് സ്രഷ്ടാവിനെ മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടാൽ സംഭവി

ക്കുന്നത്! ഇന്നത്തെ തലമുറയെ നോക്കുക. അറിവു നേടിയും ബിരുദങ്ങൾ സമ്പാദിച്ചും അവർ മുന്നേറുന്നുണ്ടെങ്കിലും, സ്രഷ്ടാവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ പലപ്പോഴും പരാജയമാണ്.

**യോവേൽ 3:18**

**"അന്നാളിൽ പർവ്വതങ്ങൾ പുതുവീഞ്ഞു പൊഴിക്കും; കുന്നുകൾ പാൽ ഒഴുക്കും; യെഹൂദയിലെ എല്ലാ തോടുകളും വെള്ളം ഒഴുക്കും; യഹോവയുടെ ആലയത്തിൽനിന്നു ഒരു ഉറവ് പുറപ്പെട്ട് ശിത്തീം താഴ്‌വരയെ നനെക്കും."**

**(3) സമൃദ്ധിയുണ്ടാകും**

**പർവ്വതങ്ങൾ പുതുവീഞ്ഞു പൊഴിക്കും.** അതായത്, പർവ്വതങ്ങളിൽ മുന്തിരി സമൃദ്ധിയായുണ്ടാകും.

**കുന്നുകൾ പാൽ ഒഴുക്കും.** എന്നുവച്ചാൽ, കുന്നുകൾ പശുക്കൾക്ക് നല്ലൊരു മേച്ചൽപ്പുറമായിരിക്കും. കുന്നുകളിൽ സമൃദ്ധമായി പുല്ല് ഉണ്ടാകും. തോടുകളിൽ വെള്ളം നിറയും.

ഒരു വരണ്ട അവസ്ഥ നമുക്കുണ്ടോ? അതു മാറ്റാൻ നമ്മുടെ കർത്താവിനു കഴിയും. ഉണങ്ങി വരണ്ട പർവ്വതങ്ങളെ പുതുവീഞ്ഞു പൊഴിക്കുന്ന പർവ്വതങ്ങളാക്കി മാറ്റാൻ ദൈവത്തിനു കഴിയും. ഉണങ്ങി, ശുഷ്കമായ നിലയിലുള്ള കുന്നുകളെ, പാൽ ഒഴുക്കുന്ന കുന്നുകളാക്കി മാറ്റാൻ ദൈവത്തിനു കഴിയും. ഭൗതികസമൃദ്ധിയായാലും ആത്മികസമൃദ്ധിയായാലും അതു നമുക്ക് തരാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം.

ഒന്നിനും കഴിവില്ലാത്ത കുറെ ആളുകളെ ദൈവം കഴിഞ്ഞ കാലങ്ങളിൽ തിരുനാമമഹത്വത്തിനായി എടുത്തുപയോഗിച്ചിട്ടുണ്ട്. നേരെചൊവ്വെ രണ്ടക്ഷരം പറയാൻ കഴിവില്ലാത്ത പല 'പർവ്വതങ്ങളും' 'കുന്നുകളും' ദൈവവചനം സമൃദ്ധിയായി പ്രസംഗിക്കുന്നതു നാം കഴിഞ്ഞ കാലങ്ങളിൽ എത്രയോ തവണ കണ്ടു കഴിഞ്ഞു! കർത്താവിനുവേണ്ടി ധീരത കാണിച്ചവർ, മനോഹരമായി പ്രാർത്ഥിക്കുന്നവർ, പ്രശ്നങ്ങളെ പ്രാർത്ഥനയോടെ നേരിടുന്നവർ... ഒരു കാലത്ത് പാഴായി കിടന്നവരാണ്. ഉണങ്ങി വരണ്ട അവസ്ഥയിൽ കഴിഞ്ഞവരാണ്. പക്ഷേ ദൈവകൃപയാൽ പുതുവീഞ്ഞു പൊഴിക്കുന്ന പർവ്വതങ്ങളായും പാൽ ഒഴുക്കുന്ന കുന്നുകളായും അവർ മാറി.

**ശിത്തീംതാഴ്‌വരയെ നനയ്ക്കും.** ശിത്തീം എന്ന വാക്കിനു അക്കേഷ്യ മരം എന്നാണത്രേ അർത്ഥം. യോർദ്ദാന്റെ മറുകരയിലുള്ള താഴ്‌വരയാണ് ശിത്തീം (യോശുവ 3:1). ദൈവജനം താമസിക്കുന്നത് യോർദ്ദാന്റെ ഇക്കരെയാണെങ്കിൽ യോർദ്ദാന്റെ അപ്പുറത്തെ കരയിലാണ് ശിത്തീംതാഴ്‌വര സ്ഥിതി

ചെയ്യുന്നത്. യഹോവയുടെ ആലയത്തിൽനിന്നു ഒരു ഉറവ് പുറപ്പെട്ടു ശിത്തീം താഴ്വരയെ നനെക്കും എന്നാണ് യോവേൽപ്രവാചകൻ പ്രവചിച്ചിരിക്കുന്നത്. അതായത്, യഹോവയുടെ ആലയത്തിൽനിന്നുമുള്ള അനുഗ്രഹത്തിന്റെ ഉറവ്, യോർദ്ദാനെ മുറിച്ചുകടന്ന് അപ്പുറത്തുള്ള ശിത്തീംതാഴ്വരയിലെ അകേഷ്യമരങ്ങളെത്തേടി ഒഴുകും.

ഈ പ്രവചനം പിന്നീട് നിറവേറുക തന്നെ ചെയ്തു. കൊർന്നേല്യൊസിന്റെ ഭവനത്തിൽ അതു നിറവേറിയത് നാം വായിക്കുന്നുണ്ടല്ലോ. ദൈവജനത്തെ മറികടന്ന്, ജാതികളുടെ താഴ്വരയിലേക്ക് അനുഗ്രഹത്തിന്റെ ഉറവ് പുറപ്പെട്ടു. അവരെ നനച്ചു. അവർ ദൈവജനമായി മാറി! ആ ഉറവിനാൽ നനയ്ക്കപ്പെട്ട അകേഷ്യമരങ്ങളാണ് നാം. ദൈവത്തിനു സ്തോത്രം!

**(തുടരും)**


**വൈവാഹികം**

ഹിന്ദു കുടുംബത്തിൽനിന്നും വിശ്വസിച്ച് സ്നാനമേറ്റ ഒരു പെൺകുട്ടിക്ക് അനുയോജ്യനായ വരനെ തേടുന്നു. Plus Two, Dental Hygienist, 29/5’3” (160cm)

ഗവൺമെന്റ് ഡെന്റൽ കോളേജിൽ Dental Hygienist ആയി ജോലി ചെയ്യുന്നു. ബ്രദറൺ, ലോക്കൽ ചർച്ചസ് എന്നിവയിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു.

ഫോൺ: 6282116855

# വിശ്വാസവും സ്നാനവും

**ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?**

**Revised Second Edition**

**എം. വി. സെബാസ്റ്റ്യൻ**

**104 പേജുകളുള്ള പുസ്തകം**

**ആവശ്യപ്പെടുന്നവർക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നു**

REAL LIFE
KOTTEKAD, KUTTUR P. O.
THRISSUR - 680 013

**Phone: 95 44 557 557**

# 25 ചോദ്യവും ഉത്തരവും

**-എംവിഎസ്-**

? *“ആ നാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആരും, സ്വർഗ്ഗത്തിലെ ദൂതന്മാരും, പുത്രനും കൂടെ അറിയുന്നില്ല” (മർക്കൊസ് 13:32). എന്താണ് ഈ വാക്യത്തിന്റെ അർത്ഥം?*

**മറുപടി:**

മത്തായി 24:36 ലും ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. പുത്രൻ ദൈവമാണല്ലോ; എന്നിട്ടും എന്തുകൊണ്ട് പുത്രനും കൂടെ അറിയുന്നില്ല എന്നു പറഞ്ഞു? യേശുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്നവരുടെ കയ്യിലുള്ള ഒരു ‘തെളിവ്’ ആണ് വാസ്തവത്തിൽ ഈ വാക്യം.

യേശുവിന്റെ മനുഷ്യത്വം, ദൈവത്വം എന്ന വിഷയവും, പിതാവ്-പുത്രൻ -പരിശുദ്ധാത്മാവ്-ഏകദൈവം എന്ന വിഷയവും പഠിക്കുമ്പോൾ, നമുക്ക് അനുഭവപ്പെടുന്ന ആശയക്കുഴപ്പം തന്നെയാണ് ഇവിടെയും നമുക്ക് അനുഭവപ്പെടുന്നത്. ഈ ആശയക്കുഴപ്പം പരിഹരിച്ചാൽ കാര്യങ്ങൾ എളുപ്പമായി. ആരാണ് യേശു? യേശു ദൈവത്തോടു സമത്വമുള്ളവനും (അതായത് ദൈവവും), അതേ സമയം ദാസരൂപം എടുത്തവനും ആണ് (ഫിലിപ്പിയർ 2:6,7). യേശുവിലെ ഈ ഇരട്ടസ്വഭാവം നാം ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഈ സ്വഭാവങ്ങൾ മാറിമാറി തന്നിൽ പ്രകടമായിക്കൊണ്ടിരുന്നു.

‘‘യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു’’ എന്നു ലൂക്കൊസ് 2:52 ൽ രേഖപ്പെടുത്തിയിരിക്കുന്നുവല്ലോ. ഇവിടെ ജ്ഞാനത്തിൽ മുതിർന്നുവന്നു എന്നു പറഞ്ഞിരിക്കയാൽ, മനുഷ്യൻ എന്ന നിലയിൽ, യേശുവിന്റെ ജ്ഞാനത്തിനു പരിമിതിയുണ്ട് എന്നു തെളിയുന്നു; അതേ സമയം, ദൈവമെന്ന നിലയിൽ അവിടുന്ന് സർവ്വജ്ഞാനിയുമാണല്ലോ. യേശു കരഞ്ഞു, അവനു വിശന്നു, അവൻ പ്രാർത്ഥിച്ചു, അവൻ നിലവിളിച്ചു, എന്നൊക്കെ നാം യേശുവിനെക്കുറിച്ചു വായിക്കുന്നിടത്തെല്ലാം യേശുവിന്റെ മനുഷ്യസ്വഭാവമാണ് പ്രകടമാകുന്നത്.

അങ്ങനെ, തന്റെ മനുഷ്യസ്വഭാവത്തിൽ നിന്നുകൊണ്ടാണ് യേശു പറഞ്ഞത്, പുത്രനും കൂടെ അറിയുന്നില്ല എന്ന്. യേശുവിൽ നിന്ന് കൃത്യമായ ഒരു തീയതി ലഭിക്കും എന്നു കരുതിയ ശിഷ്യന്മാരോടാണ് യേശു ഇതു പറഞ്ഞത്. ഇതിന്റെ ലളിതമായ അർത്ഥം ഇതാണ്: പിതാവ് തന്റെ സ്വന്ത അധികാരത്തിൽ വച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നത് നിങ്ങൾക്കുള്ളതല്ല (അപ്പൊ.പ്രവൃ.2:7).

എം. വി. എസ്

# ചിന്തകൾ പന്തങ്ങളാകുമ്പോൾ...

30

എന്റെ ഡയറിക്കുറിപ്പുകൾ

## അഭിഭാഷകന്റെ വീട്ടിലെ പുലി!

**1992 (?)**

വർഷം കൃത്യമായി ഓർമ്മയില്ല. അന്നത്തെ പത്രത്തിൽ അഭിഭാഷകന്റെ വീട്ടിൽ പുലി എന്ന തലക്കെട്ടിൽ ആ വാർത്തയുണ്ടായിരുന്നു.

അഭിഭാഷകന്റെ ഭാര്യയാണ് അത് ആദ്യം കണ്ടത്. കട്ടിലിന്റെ അടിയിൽ ഒരു പുലി കിടന്നുറങ്ങുന്നു.

ആ 'പുലിക്കുട്ടി'യായ സ്ത്രീ അലറിവിളിക്കുകയോ തല കറങ്ങി വീഴുകയോ ചെയ്തില്ല. പകരം, അവൾ പതുക്കെ പുറത്തേക്കിറങ്ങി. വാതിൽ പുറത്തുനിന്നും അടച്ചു. അതിനു ശേഷം വിളിച്ചുകൂവി ആളെക്കൂട്ടി.

പത്രത്തിൽ ഈ വാർത്ത വായിച്ചപ്പോൾ, അത്തരമൊരു സാഹചര്യത്തിൽ ഞാനാണ് പുലിയെ കാണുന്നതെങ്കിൽ എങ്ങനെയായിരിക്കും ഞാൻ പ്രതികരിക്കുക എന്നു ഭാവനയിൽ കണ്ടുനോക്കി.

നല്ല ധീരനാണ് ഞാൻ എന്നു സ്വയം വിലയിരുത്തുകയും അഭിമാനിക്കുകയും ചെയ്തു. ഒരു അവസരം കിട്ടിയാൽ അതു തെളിയിക്കാവുന്നതേയുള്ളൂ. (അവസരം കിട്ടാത്തതു ഭാഗ്യം)

പിറ്റെ ദിവസത്തെ പത്രത്തിൽ, അഭിഭാഷകന്റെ വീട്ടിൽനിന്നും പിടിച്ച പുലിയെ തൃശ്ശൂർ മൃഗശാലയിലേക്ക് കൊണ്ടുവന്നതായുള്ള വാർത്തയുണ്ടായിരുന്നു.

വളരെ സന്തോഷം തോന്നി. ആ പുലിയെ ഒന്നു നേരിൽ കാണുവാൻ തീരുമാനിച്ചു.

മൃഗശാലയിൽ ചെന്നപ്പോൾ ഒരു കൂടിന്നരികെ വലിയൊരു ആൾക്കൂട്ടം ഉണ്ടായിരുന്നു. എല്ലാവരും എന്നെപ്പോലെ, ആ പുലിയെ കാണാൻ വന്നതായിരുന്നു.

ഇന്നലെ വരെ കാട്ടിൽ കടിഞ്ഞാണില്ലാതെ വിലസിയവനെ പെട്ടെന്നൊരു നാൾ കൂട്ടിൽ ഇട്ടപ്പോൾ, അവന്റെ ഒരു ശൗര്യം ഒന്നു കാണേണ്ടതു തന്നെയായിരുന്നു.

ഇരുമ്പുകൂടിന്നു മുന്നിൽ തടിച്ചുകൂടിയ ആൾക്കൂട്ടം പുലിയെ പ്രകോപിപ്പിച്ചു.

ഞാൻ ചെല്ലുമ്പോൾ കണ്ട കാഴ്ച ഇതായിരുന്നു: പുലി കൂടിന്നുള്ളിൽ കോപത്തോടെ നടക്കുന്നു. പിന്നീട് ആൾക്കൂട്ടത്തിന്റെ നേരെ അലറിക്കൊണ്ട് ഒറ്റ ചാട്ടം!

മുന്നിൽനിന്ന ഞാനുൾപ്പെടെയുള്ള ആൾക്കൂട്ടം ഭയചകിതരായി പുറകിലേക്ക് ഓടി... ചിലർ കെട്ടിമറിഞ്ഞു വീണു.

പുലി ഇരുമ്പുകൂട്ടിൽ മുഖമിടിച്ചു വീണു.

നാണം കെട്ട കാണികൾ എല്ലാവരും ഉറക്കെ ചിരിച്ച്, തങ്ങളുടെ നാണക്കേടിന്റെ ആഴം കുറയ്ക്കുവാനായി നോക്കി. വീണ്ടും അവർ കൂടിന്റെ അടുത്തേക്കു ചെന്നു.

പുലിയുടെ വായ്ഭാഗത്തുനിന്നും ചോര വരുന്നുണ്ടായിരുന്നു. പുലി വീണ്ടും ആൾക്കൂട്ടത്തിന്നു നേരെ ചാടി. ആൾക്കൂട്ടം വീണ്ടും പുറകിലേക്ക് ഓടുകയോ പുറകിലേക്ക് കെട്ടിമറിഞ്ഞുവീഴുകയോ ചെയ്തു.

പുലിക്ക് തുടർച്ചയായി പരുക്ക് പറ്റുന്നത് തിരിച്ചറിഞ്ഞ മൃഗശാലാധികൃതർ എത്രയും വേഗം പുലിയെ കൂടിന്നുള്ളിലെ ചെറിയ മറ്റൊരു കൂടിലാക്കി. വൈദ്യസഹായം എത്തിച്ചു.

മണ്ടൻ പുലി! ആ ഇരുമ്പ് കൂട് അവിടെയുള്ളത് അതിനു കാണാൻ കഴിയുന്നില്ലേ? ആൾക്കൂട്ടത്തെ കണ്ട് ഓരോ തവണ ചാടുമ്പോഴും ആ ഇരുമ്പുകൂടിൽ ഇടിച്ച് താഴെ വീഴുന്നു!

തിരുമണ്ടൻ! ആ ഇരുമ്പുകൂടിന്റെ കരുത്ത് അറിയാത്ത കടുപൊട്ടൻ!

അപ്പോഴാണ് ഞാൻ ആൾക്കൂട്ടത്തെ ഓർത്തത്. ആ ഇരുമ്പുകൂടിന്റെ കരുത്ത് പുലിക്കറിയില്ലായിരിക്കാം, പക്ഷേ ഞാനുൾപ്പെടെയുള്ള ആൾക്കൂട്ടത്തിന് അത് അറിയില്ലേ?

പുലി നേർക്ക് ചാടുമ്പോഴേക്കും എന്തിനാണ് ഞങ്ങൾ പുറകോട്ടു മറിഞ്ഞുവീണത്? എന്തിനാണ് ചിലർ പുറകോട്ട് ഓടിയത്? എന്തിനാണ് ചിലർ അയ്യോ എന്നു അലറിയത്?

അപ്പോൾ ആ ആൾക്കൂട്ടം പുലിയേക്കാൾ വലിയ മണ്ടശിരോമണികളാണ്. ആ ആൾക്കൂട്ടത്തിൽ സ്വയം ധീരൻ എന്നു കരുതിയിരുന്ന എന്നെപ്പോലുള്ളവരും ഉണ്ടായിരുന്നു.

*എത്ര കരുത്തനായ പുലിയായാലും, എത്ര ശക്തിയോടെ ആഞ്ഞു ചാടിയാലും, ഇരുമ്പിന്റെ ആ ശക്തമായ കൂട് തകർത്ത് അതിനു പുറത്തേക്ക് വരുവാൻ കഴിയുമായിരുന്നില്ല. രക്ഷപ്പെടാനായി പുറകോട്ട് ഓടിയ ആൾക്കൂട്ടം വിശ്വാസത്തിൽ ബലഹീനരായി പലപ്പോഴും ക്ഷീണിച്ചുപോകുന്ന വിശ്വാസികളെ പ്രതിനിധീകരിക്കുന്നുണ്ട്.*

*ശത്രുവായ പിശാചിന്റെ കരുത്ത് എത്രയായാലും, ദൈവജനത്തിന്റെ മുമ്പിൽ ദൈവം വച്ചിരിക്കുന്ന സംരക്ഷണത്തിന്റെ ഉരുക്കുകൂട് തകർക്കുവാൻ അവനെക്കൊണ്ട് കഴിയില്ല.*

*എന്നിട്ടും നാം പലപ്പോഴും പേടിച്ചുപോയിട്ടില്ലേ? പുറകോട്ട് ഓടിയിട്ടില്ലേ? പരിഭ്രാന്തരായി നിലവിളിച്ചിട്ടില്ലേ?*

*ദൈവത്തിന്റെ കരുത്ത് മനസ്സിലാക്കി, ധീരത കാണിച്ചു മുന്നേറേണ്ട ദൈവജനം പലപ്പോഴും വെറും ഭീരുക്കളെപ്പോലെ പെരുമാറിയിട്ടുണ്ട്.*

*രോഗങ്ങളും മറ്റു ക്ലേശങ്ങളും ഉണ്ടാകുമ്പോൾ, ദൈവം എന്നെ പാലിക്കുകയും ദൈവം എനിക്കു വച്ച നാൾ പൂർത്തീകരിക്കാൻ സഹായിക്കുകയും ചെയ്യും എന്നു ധൈര്യപ്പെടാൻ കഴിയാതെ പല ദൈവമക്കളും നിരാശയിലും കണ്ണീരിലും മുഴുകി ജീവിതം തള്ളിനീക്കുന്നു.*

*ദൈവം അനുവദിക്കുന്ന ആയുസ്സ് മതി എന്നും ദൈവം അനുവദിക്കുന്ന ജീവിതസാഹചര്യങ്ങൾ മതി എന്നും തീരുമാനിച്ചാൽ തീരാവുന്നവയാണ് നമ്മുടെ പ്രശ്നങ്ങൾ.*

*പ്രാർത്ഥന എന്ന ആയുധം വേണ്ട പോലെ ഉപയോഗിച്ചിരുന്നുവെങ്കിൽ ശത്രുവിന്റെ എത്രയോ തീയമ്പുകൾ നിഷ്ഫലമാകുമായിരുന്നു!*

*ദൈവം നമുക്കു ചുറ്റും തീമതിൽ തീർക്കുന്നവനാണ്. ദൈവം നമ്മുടെ കോട്ടയാണ്. ആ കോട്ട തകർത്ത് നമ്മെ വിഴുങ്ങാനുള്ള പ്രാപ്തി ആർക്കുമില്ല.*

*ഏലിയാവിനെ അന്വേഷിച്ച് എവിടെയെല്ലാം ആഹാബും സൈന്യവും ഓടി നടന്നു. എന്നിട്ടു ഏലിയാവിനെ കണ്ടുകിട്ടിയോ?*

*ഏലിയാവ് എവിടെയായിരുന്നു? വല്ല ഭൂഗർഭഅറകളിൽ ആയിരുന്നുവോ? വേഷപ്രച്ഛന്നനായി ജീവിക്കുകയായിരുന്നുവോ? വേറെ നാട്ടിലേക്ക് ഓടിപ്പോയിരുന്നുവോ?*

*ഇല്ല.*

*ഏലിയാവ് ആ നാട്ടിൽ തന്നെ ഉണ്ടായിരുന്നു. ഒരു തോടിന്റെ അരികെ ഉണ്ടായിരുന്നു. ആർക്കും കണ്ടെത്താനായില്ല. ദൈവം സംരക്ഷിച്ചു.*

*സ്തെഫാനോസിന്റെ കൊലപാതകത്തെത്തുടർന്ന് അപ്പൊസ്തലന്മാരൊഴികെ എല്ലാവരും ചിതറിപ്പോയി എന്നു നാം അപ്പൊസ്തലപ്രവൃത്തികളിൽ വായിക്കുന്നുണ്ടല്ലോ. മരണത്തിൽനിന്നും രക്ഷപ്പെടാനും അന്യനാടുകളിൽ സുവിശേഷം അറിയിക്കുവാനും അതു നിമിത്തം ഇടയായി.*

*പക്ഷേ അപ്പൊസ്തലന്മാർ എവിടേക്കും ഓടിപ്പോയില്ല. അവർ യെരൂശലേമിൽത്തന്നെയുണ്ടായിരുന്നു. ഒരു പോറൽ പോലും ഏൽക്കാതെ ദൈവം അവരെ സംരക്ഷിച്ചു. ഭീഷണിയും കുലയും നിശ്വസിച്ചു നടന്ന ശൗലുമാരുടെ തീക്ഷ്ണതയെ തീർത്തും നിഷ്ഫലമാക്കുന്നതായിരുന്നു ദൈവത്തിന്റെ പ്രവൃത്തി.*

ഇരുമ്പുകൂട്ടിലെ പുലി അവസരം കിട്ടിയാൽ പിന്നെയും ആൾക്കൂട്ടത്തിന്റെ നേരെ ചാടും. അപ്പോൾ ആൾക്കൂട്ടം ഒന്നു പുറകോട്ടു അല്പം മാറുന്നത് റിഫ്ളക്സ് ഏക്ഷൻ ആയി മാത്രം കണക്കാക്കാം. എന്നാൽ നിലവിളിച്ചോടുന്നതിനെ ഒരിക്കലും ന്യായീകരിക്കാനാവില്ല.

ദൈവമെന്ന ഉരുക്കുകവചത്തിന്റെ കരുത്ത് മനസ്സിലാക്കി നാം മുന്നേറുക. ഒരിക്കലും പരാജയപ്പെട്ടുകൂടാ. ❍

# കട്ടുറുമ്പ്

ചെറുകഥ

-എംവിഎസ്-

"പെണ്ണിനു മധുരം കൊടുക്കട്ടേ"

വലിയ വായിൽ അൽഫോൻസ മൂന്നു വട്ടം വിളിച്ചു ചോദിച്ചു. "ആ" എന്നു കേട്ടുനിന്നവർ സമ്മതം മൂളി.

അങ്ങനെ അവളെ കൈ പിടിച്ച് അൽഫോൻസ തന്റെ വീടിന്റെ അകത്തേക്കു കയറ്റി. അൽഫോൻസയുടെ ഒരേയൊരു മകൻ ജോണിന്റെ ഭാര്യയായി അനുഗ്രഹ അങ്ങനെ ആ വീട്ടിൽ പ്രവേശിച്ചു.

''മോളേ, അവന്റെ അമ്മ നിന്റെയും അമ്മയാണ്. ജോണിന് ഒന്നര വയസ്സുള്ളപ്പോൾ അവന്റെ അപ്പൻ മരിച്ചു. പിന്നീട് മറ്റൊരു വിവാഹം കഴിക്കാതെ അൽഫോൻസ ജോണിനു വേണ്ടി ജീവിച്ചു. ഇത് എപ്പോഴും ഓർമ്മയിലുണ്ടാകണം."

അനുഗ്രഹയോട് ഇങ്ങനെ അടക്കം പറഞ്ഞത് ഏതോ ഒരു ബന്ധുവായ സ്ത്രീയാണ്. എന്താ ബന്ധം എന്നു അനുഗ്രഹയ്ക്ക് മനസ്സിലായില്ല. വന്നു കയറിയല്ലേയുള്ളൂ. എല്ലാ ബന്ധുക്കളെയും പതിയെ മനസ്സിലാക്കാം.

സന്തോഷത്തിന്റെ നാളുകളായിരുന്നു പിന്നീടങ്ങോട്ട് എന്നു പറയാം. അൽഫോൻസയും മകൻ ജോണും ഭാര്യ അനുഗ്രഹയും അടങ്ങുന്ന കുഞ്ഞുകുടുംബം!

പക്ഷേ അത് അധികകാലം നില നിന്നില്ല.

മകൻ തന്നോടു കാണിക്കുന്നതിനേക്കാൾ അധികം സ്നേഹം അവന്റെ ഭാര്യയോടു കാണിക്കുന്നില്ലേ എന്ന് അൽഫോൻസയ്ക്ക് സംശയം.

അവൻ അവളുടെ തോളിൽ കയ്യിട്ട് വന്നത് അൽഫോൻസയ്ക്ക് ഇഷ്ടപ്പെട്ടില്ല.

പെങ്കോന്തൻ! അൽഫോൻസ മനസ്സിൽ പറഞ്ഞു.

ഒരു ദിവസം അൽഫോൻസ കണ്ട കാഴ്ച ഇതാണ്: ഹാളിലെ സോഫയിൽ രണ്ടു പേരും ഇരുന്ന് അങ്ങോട്ടുമിങ്ങോട്ടും നുള്ളുകളയും പുന്നാരം പറയുകയും ചെയ്യുന്നു!

ഇത് അൽഫോൻസയ്ക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു.

"ഞാൻ ഒരു വിധവ ഇവിടെയുണ്ടെന്നു നിങ്ങൾ മനസ്സിലാക്കണം. കൊഞ്ചിക്കുഴയലൊക്കെ അങ്ങ് അകത്ത് മതി"

അൽഫോൻസാ പൊട്ടിത്തെറിച്ച പോലെ പറഞ്ഞു. ജോണും അനുഗ്രഹയും ചാണകവെള്ളം മുഖത്തേക്ക് തെറിച്ചപോലെ നിന്നുപോയി.

ഇക്കാര്യം ഫോണിലൂടെ അനുഗ്രഹ അവളുടെ അമ്മയോടു പറഞ്ഞപ്പോൾ അമ്മയുടെ പ്രതികരണം

ഇപ്രകാരമായിരുന്നു:

"അമ്മ പറഞ്ഞതിലെന്താ തെറ്റ്? കൊഞ്ചലും കുഴയലും മറ്റുള്ളവരുടെ മുമ്പിൽ വച്ചു വേണ്ട."

അനുഗ്രഹ ആകെ വിളറിപ്പോയി. ലോകത്തിലെ എല്ലാ അമ്മമാരും ഒരേ കണക്കാണല്ലോ എന്നു ചിന്തിച്ച് അവൾ നെടുവീർപ്പിട്ടു.

oooo oooo oooo oooo

ഒപ്പം പഠിച്ച രണ്ടു കൂട്ടുകാരികൾ അന്ന് വീട്ടിലേക്കു വന്നു. അവർ ഒരു ടെസ്റ്റ് എഴുതാനായി അവിടെ അടുത്തുള്ള സ്കൂളിലേക്ക് വന്നതായിരുന്നു. കല്യാണത്തിന് വരാൻ കഴിയാതിരുന്ന ആ കൂട്ടുകാരികൾ അന്ന് വീട്ടിലേക്ക് വന്നത് വളരെ സന്തോഷത്തോടെയായിരുന്നു.

ജോണിനെ തൊട്ടുരുമ്മി നിന്ന് അനുഗ്രഹ പറഞ്ഞു: "ഇതെന്റെ ചേട്ടൻ."

പെട്ടെന്നാണ് അമ്മായിഅമ്മ അൽഫോൻസ അവിടെ പ്രത്യക്ഷപ്പെട്ടത്. "നിന്റെ ചേട്ടനോ? അപ്പൊ എന്റെ ആരാ ഇവൻ? ഇവനിങ്ങനെ എഴുപത്തഞ്ചു കിലോ എത്തി നിൽക്കുന്നുണ്ടെങ്കിൽ അത് ഞാൻ കാരണമാണ്. നിയ്യ് വന്നിട്ട് രണ്ടു മൂന്നു മാസമല്ലേ ആയുള്ളൂ."

എല്ലാവരുടെയും മുഖം വാടിപ്പോയി. കൂട്ടുകാരികൾ അധികം വൈകാതെ ബൈബൈ പറഞ്ഞ് ഇറങ്ങി. അനുഗ്രഹ അമ്മായിയമ്മയെ രൂക്ഷമായി നോക്കി.

"നോക്കിപ്പേടിപ്പിക്കല്ലേടീ..."

അൽഫോൻസയും വിട്ടുകൊടുത്തില്ല.

അനുഗ്രഹ ജോണിനെ വളരെ പ്രതീക്ഷയോടെ നോക്കി. പക്ഷേ ജോൺ അമ്മ കൂടി കേൾക്കാനെന്ന പോലെ ഉറക്കെ പറഞ്ഞു.

"എനിക്ക് എന്റെ അമ്മ കഴിഞ്ഞേ ഉള്ളൂ നീ."

അവൾ വളരെ ദേഷ്യത്തോടെ റൂമിലേക്കു പോയി. പിന്നാലെ ജോണും ചെന്നു.

oooo oooo oooo oooo

ജോണും അനുഗ്രഹയും കഴിയുന്നതും ഒരുമിച്ച് ഇരിക്കാതിരിക്കാൻ അൽഫോൻസ ശ്രദ്ധിച്ചു. രാത്രി മാത്രം അവർ ഒരുമിച്ചു കഴിയുന്നു എന്ന സ്ഥിതി വന്നു.

സ്വന്തം അമ്മയോട് അനുഗ്രഹ കാര്യങ്ങൾ പറഞ്ഞുവെങ്കിലും, സഹിച്ചും പൊറുത്തും കഴിഞ്ഞുകൂടണമെന്നു അമ്മ മകളെ ഉപദേശിക്കയാണ് ചെയ്തത്.

oooo oooo oooo oooo

ജോണിനെ ചൊല്ലിയാണ് ആ വീട്ടിലെ തർക്കം! ജോൺ എന്റെ മകനാണെന്നു അൽഫോൻസ! എന്റെ ഭർത്താവാണെന്നു അനുഗ്രഹ! രണ്ടു പേരുടെയും ഇടയിൽനിന്നു ജോണും വല്ലാതെ വിഷമിച്ചുപോയി.

അമ്മയോടു മിണ്ടിയാൽ ഭാര്യ പിണങ്ങും. ഭാര്യയോടു മിണ്ടിയാൽ അമ്മ പിണങ്ങും എന്ന സ്ഥിതി.

കല്യാണം കഴിച്ചവന്റെ ഒരു ഗതികേട്! ജോൺ പിറുപിറുത്തു.

# സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ 58

എം.വി.എസ്.

## പറ്റിക്കാനെന്തെളുപ്പം!

മറ്റുള്ളവരെ പറ്റിച്ച് മാത്രം ജീവിക്കുന്നവരുണ്ട്. മറ്റുള്ളവരെ എളുപ്പം പറ്റിക്കാനുള്ള രണ്ടു മാർഗ്ഗങ്ങളുണ്ട്. ഒന്ന് ആത്മികം. മറ്റൊന്ന് സാമ്പത്തികം. കാര്യമായ അദ്ധ്വാനമില്ലാതെ പണം വാരിക്കോരി കയ്യിൽ വരുമെന്ന് അറിഞ്ഞാൽ അപ്പോഴേക്കും തലവച്ചു കൊടുക്കാൻ ആളുകൾ ഏറെയാണ്. ആടു, മാഞ്ചിയം എന്നൊക്കെ പറഞ്ഞ് എത്ര പേരെയാണ് ഇവിടെ പറ്റിച്ചിട്ടുള്ളത്.

നിങ്ങൾ രണ്ടായിരം രൂപ മാത്രം തരിക. അതിന് ഞങ്ങൾ ആട്ടിൻകുട്ടികളെ വാങ്ങും. അതിനെ ഞങ്ങൾ ഇൻഷ്വർ ചെയ്യും. ഇരുപത് കൊല്ലത്തിനുള്ളിൽ ആ ആട്ടിൻകുട്ടികൾ വലുതാകും, വംശവർദ്ധനവ് നടത്തും, കുറെ ആടുകൾ ഉണ്ടാകും. നിങ്ങൾക്ക് ഏകദേശം 25 ലക്ഷത്തിലധികം രൂപ ലഭിക്കും.... മോഹിപ്പിക്കുന്ന ഓഫർ! വെറും രണ്ടായിരം രൂപ മുടക്കുക. പിന്നെ ഒന്നുമറിയണ്ട. ഇരുപത് വർഷങ്ങൾ കഴിഞ്ഞാൽ ലഭിക്കുന്നത് 25 ലക്ഷം രൂപ! മണ്ടന്മാരും അദ്ധ്വാനിക്കാതെ കാശുണ്ടാക്കാൻ നടക്കുന്ന മടിയന്മാരും എപ്പോൾ വീണുകഴിഞ്ഞു എന്നു ചോദിച്ചാൽ മതി. ചില അത്യാഗ്രഹികൾ 2000 രൂപയല്ല, 8000 രൂപ മുടക്കുന്നു! അപ്പോൾ 4 X 25 ലക്ഷം = 1 കോടി രൂപ!

ഇതുപോലെ എളുപ്പം പറ്റിക്കാൻ കഴിയുന്ന മറ്റൊന്നാണ് ആത്മികമേഖല. ഇവിടെ ഹിന്ദു-ക്രിസ്ത്യൻ-മുസ്ലീം എന്ന വ്യത്യാസമില്ല. രോഗശാന്തി എന്നു പറഞ്ഞ് നിരവധി മണ്ടന്മാരെ ചൂഷണം ചെയ്തു തടിച്ചുകൊഴുത്തുകൊണ്ടിരിക്കുന്ന എത്രയോ ബാശാൻകൂറ്റന്മാർ നമ്മുടെ ഇടയിലുണ്ട്! ധ്യാനകേന്ദ്രങ്ങളിലും, അമൃതാനന്ദമമ്മിപോലുള്ള പ്രസ്ഥാനങ്ങളിലും കുമിഞ്ഞുകൂടുന്ന പണം, ആത്മികതയുടെ മറവിൽ സമൂഹത്തിൽനിന്നും അടിച്ചുമാറ്റുന്നവയല്ലേ? ബുദ്ധി വേണ്ടപോലെ ഉപയോഗിക്കാത്തവർ സമൂഹത്തിൽ ഉള്ളിടത്തോളം കാലം ഇത്തരം ആത്മികതട്ടിപ്പുകാർ കുശാലായി വിലസും.

ഇതാ മറ്റൊരു അവതാരം! മോൻസൻ മാവുങ്കൽ! ചില്ലറക്കാരനല്ല, പുരാവസ്തുശേഖരമാണ് കയ്യിലുള്ളത്. മോശെയുടെ അംശവടി, മുഹമ്മദ്നബിയുടെ വിളക്ക്, ശ്രീകൃഷ്ണന്റെ ഉറി, എന്നിങ്ങനെ എല്ലാ മതക്കാരുടെയും മുന്നിൽ ചതിയുടെ വലിയ കുഴി അദ്ദേഹം തീർത്തു. ആ കുഴിയിൽ വന്നു വീണതോ, സമൂഹത്തിലെ ഉന്നതന്മാരും! രാഷ്ട്രീയനേതാക്കൾ, പോലീസിലെ

ഉന്നതർ, സിനിമാലോകത്തെ സൂപ്പർസ്റ്റാറുകൾ... മോൻസൻ വിരിച്ച പറ്റിക്കൽവലയിൽ വന്നു ചാടിയവരെ കണ്ട് നാം അന്തംവിട്ടു പോകുന്നു!

വെറുമൊരു ഊന്നുവടിയാണ് മോശെയുടെ വടിയാണെന്നും പറഞ്ഞ് പ്രദർശിപ്പിച്ചത്. ഒരു വീട്ടിലുണ്ടായിരുന്ന ഉറിയാണ് ശ്രീകൃഷ്ണന്റെ കാലത്തേതാണെന്നും പറഞ്ഞ് നടന്നത്. 100 വർഷം മാത്രം പഴക്കമുള്ള ഒരു വിളക്ക് മുഹമ്മദ്നബിയുടെ കാലത്തേതാണെന്നും പറഞ്ഞു. വിശ്വസിക്കാൻ ആളുകളുണ്ടായി. ടിപ്പുവിന്റെ സിംഹാസനം, 28 വിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ, യൂദാസിനു ലഭിച്ച 30 വെള്ളിക്കാശിലെ രണ്ടെണ്ണം, യേശു വെള്ളം വീഞ്ഞാക്കിമാറ്റിയ കൽഭരണി, സെന്റ്. ആന്റണിയുടെ നഖത്തിന്റെ കഷണം... അമ്പമ്പോ! ഇതെല്ലാം വിശ്വസിച്ച് കെണിയിൽ വന്നു ചാടിയ മണ്ടന്മാരേ, നിങ്ങൾക്ക് കുളത്തിലെ ചണ്ടികൊണ്ട് ഉണ്ടാക്കിയ തടിച്ച മാല സമ്മാനിക്കാൻ തോന്നുന്നു.

കോടികൾ വിലമതിക്കുന്ന ഈ 'പുരാതനവസ്തുക്കളുടെ ശേഖരം' നിമിത്തം മോൻസന്റെ വീടിന് സുരക്ഷ ഒരുക്കാൻ നമ്മുടെ പോലീസേമാന്മാർ തയ്യാറായി! ഒരു വീട് വയ്ക്കുകയോ, സ്വന്തം പറമ്പിൽ സ്വയം വച്ചുപിടിപ്പിച്ച ഒരു തേക്ക് മുറിക്കുകയോ ചെയ്യുന്നതിന് തടസ്സമായി ഒരുപാട് നൂലാമാലകളുള്ള നമ്മുടെ നാട്ടിൽ, കോടീശ്വരന്മാരായ തട്ടിപ്പുകാർക്ക് യാതൊന്നിനും തടസ്സങ്ങളില്ല. കൃഷി നശിപ്പിക്കുന്ന കാട്ടുമൃഗങ്ങളിൽനിന്നു കർഷകന് സംരക്ഷണം കൊടുക്കുന്നതിൽ പരാജയപ്പെടുന്ന അധികാരവൃന്ദം, മോൻസന്റെ പക്കലുള്ള പാഴ്വസ്തുക്കൾക്ക് കാവലൊരുക്കി!

ഉണരുക സമൂഹമേ. തട്ടിപ്പിന്റെ വിവിധ മുഖങ്ങൾ തിരിച്ചറിയുക. ആത്മികകാര്യങ്ങൾ പറഞ്ഞ് പെട്ടെന്നു വീഴ്ത്താൻ കഴിയുന്ന ജീവിതങ്ങളായി നിങ്ങൾ മാറരുത്. ഒന്നും പഠിക്കാത്ത പത്താംക്ലാസ്സുകാരൻ അഭിഷേകാഗ്നി പ്രോഗ്രാം കണ്ട് പോയി പരീക്ഷ എഴുതിയപ്പോൾ എല്ലാറ്റിലും ഫുൾ എ പ്ലസ്! കൃപാസനത്തിൽ ചെന്ന് ഉടമ്പടി എടുത്തപ്പോൾ, ഇരുപത് വർഷമായി കുഞ്ഞുങ്ങളില്ലാത്ത എനിക്ക് ഇരട്ടക്കുട്ടികൾ പിറന്നു! അമൃതപുരിയിൽ ചെന്ന് ആലിംഗനാനുഗ്രഹം വാങ്ങിയപ്പോൾ മനസ്സിന് ആശ്വാസം ലഭിച്ചു! (വീട്ടിൽ സ്വന്തം അമ്മയില്ലായിരിക്കും)... ആരെങ്കിലും എന്നെയൊന്നു പറ്റിക്കോ എന്നും ചോദിച്ച് നടക്കുന്നവർ!

ജപിച്ച ചരട്, ഊതിയ വെള്ളം, വലംപിരിശംഖ്, കുങ്കുമം വച്ച ഏലസ്.... വഞ്ചകരുടെ നിരയുടെ നീളം വളരെ കൂടുതലാണ്. ഇവർക്കെല്ലാം ധാരാളം ഇരകളുമുണ്ട്. ഇവരെയൊക്കെ ഉപഭോക്തൃസംരക്ഷണനിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയാണ് വേണ്ടത്. കസ്റ്റമേഴ്സിനെ പറ്റിക്കുന്നതിനു ശിക്ഷയുള്ളതുപോലെ, ഇവർക്കും ശിക്ഷ കൊടുക്കണം. വിശ്വാസത്തെ ചോദ്യം ചെയ്യരുതുപോലും! ഇതൊക്കെ വിശ്വാസമാണോ, അതോ അന്ധവിശ്വാസമാണോ? ❍

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th October 2021

Posted at
Thrissur RMS

**ആനുകാലികം**

## താടിയും താലിബാനും!

ആരുടെയും താടി വടിക്കുകയോ വെട്ടുകയോ ചെയ്യരുതെന്നു താലിബാൻ അവിടെയുള്ള ബാർബർമാർക്ക് നിർദ്ദേശം നൽകിയത്രേ. അഫ്ഗാനിസ്ഥാനിൽ ഭരണം പിടിച്ചെടുത്ത താലിബാൻ അവരുടെ നിയമങ്ങൾ നടപ്പാക്കുകയാണ്. കുറ്റക്കാരെ കൊന്ന് മൃതദേഹം പൊതുസ്ഥലത്ത് കെട്ടിത്തൂക്കുന്നത് അവരുടെ രീതിയാണ്. കാബൂൾസർവകലാശാലയിൽ വനിതകൾ പഠിപ്പിക്കാനോ പഠിക്കാനോ വരരുതെന്നാണ് താലിബാന്റെ കർശന നിർദ്ദേശം. പിഎച്ച്ഡി ബിരുദമുള്ള വിസിയെ മാറ്റി ബിഎ മാത്രമുള്ളയാളെ വിസിയാക്കി!

രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയെ നേരിടുകയാണെന്നും വിലക്കയറ്റം അതിരൂക്ഷമാണെന്നും അവശ്യമരുന്നുകൾ പോലും ലഭ്യമല്ലെന്നുമുള്ള റിപ്പോർട്ടുകളാണ് കാബൂളിൽനിന്നും വരുന്നത് എന്നു മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നു. മസിൽപവറിലൂടെ എത്രമാത്രം താലിബാൻ മുന്നേറുമെന്നു കണ്ടറിയണം. താലിബാൻ നടത്തുന്ന മനുഷ്യാവകാശലംഘനങ്ങളിൽ ലോകവ്യാപകമായി പ്രതിഷേധം ഉയർന്നുകൊണ്ടിരിക്കയാണത്രേ. (2021 സെപ്റ്റംബർ 29 ലെ പത്രവാർത്ത)

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V.